# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2135 10.10.2011 – ൽ മറുപടിക്ക്

### മരുതംകുഴി പാലത്തിലെ വാട്ടർ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്തെ മരുതൻ-കുഴി പാലം നിർമ്മാണം പൂർത്തിയാക്കുന്നതിനായി ജലവിതരണ പൈപ്പലൈനു-കൾ മാറ്റി സ്ഥാപിക്കുന്ന പണി ഇപ്പോൾ ഏത് അവസ്ഥയിലാണ്; | (എ) തിരുവനന്തപുരത്തെ മരുതൻകുഴി പാലം നിർമ്മാണം പൂർത്തിയാക്കുന്നതിനായി ജല വിതരണ പൈപ്പലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പണിയുടെ പുനർദർഘാസ് നടപടികൾ നടന്നു വരുന്നു. |
| (ബി) പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി പൊതു മരാമത്ത് വകപ്പ് തുക കെട്ടി വച്ചത് എന്നാണ്; ഇക്കാര്യ ത്തിൽ വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് കാലതാമസം നേരി ട്ടിട്ടുണ്ടോ ; | (ബി) പൊതുമരാമത്ത് വകുപ്പ് 12.10.2010-ൽ 83 ലക്ഷവും 5.9.2011-ൽ 42 ലക്ഷവുമായി ആകെ 125 ലക്ഷം രൂപ കെട്ടി വച്ചിട്ടുണ്ട്.<br>ആദ്യത്തെ ഗഡു അടച്ച് കാലതാമസമില്ലാതെ തന്നെ ദർഘാസുകൾ ക്ഷണിച്ചിരുന്നു. ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ റേറ്റുപോലും 2010 ഷെഡ്യൂൾ പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയേക്കാൾ 66.67% കൂടുതൽ ആയിരുന്നു. അന്ന് നിലവിലുണ്ടാ യിരുന്ന വ്യവസ്ഥ അനുസരിച്ച് ടെൻഡർ എക്സസ് അനുവദനീയമല്ല. ആകയാൽ ടി ടെൻഡർ ക്യാൻസൽ ചെയ്യുന്നതിനും, എസ്റ്റിമേറ്റ് പുതുക്കി പുതിയതായി ടെൻഡർ ക്ഷണിക്കുന്നതിനും അതോറിറ്റി തീരുമാനിക്കുക യാണ് ഉണ്ടായത്. അല്ലാതെ മറ്റ് .കാലതാമസമൊന്നും ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിൽ കാല താമസമുണ്ടായതു മൂലം ചെല വിനത്തിൽ വർദ്ധനവുണ്ടായി സർക്കാരിന് നഷ്ടം സംഭവി ച്ചിട്ടുണ്ടോ ; | (സി) | പുതിയ ടെൻഡർ ലഭിച്ചാൽ മാത്രമേ ഇക്കാര്യം വ്യക്തമാകുകയുള്ളൂ. |
| (ഡി) | മരുതംകുഴി പാലത്തിലെ വാട്ടർ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പണി എന്ന് പൂർത്തിയാക്കാനാകു മെന്ന് അറിയിക്കുമോ ? | (ഡി) | പുനർ ദർഘാസ് നടപടി ക്രമങ്ങൾ പൂർത്തിയാക്കി ഡിസംബർ ആദ്യവാരം കരാർ ഉറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ